(ഡി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈത്തറി, കയർ, ബീഡി എന്നീ മേഖലകളുടെ ഉന്നമനത്തിനായി എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) — (ഡി) വിവരം സമാഹരിച്ച് നൽകുന്നതാണ്.

പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ചെലവഴിച്ച തുക

127 [1303] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായം, കയർ വ്യവസായം, കൈത്തറി വ്യവസായം, കരകൗശല വ്യവസായം തുടങ്ങിയ സുപ്രധാനമായ പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്കും 1996-1997 സാമ്പത്തിക വർഷം മുതൽ 2004-2005 സാമ്പത്തിക വർഷം വരെ സംസ്ഥാന ഗവൺമെന്റ് ഓരോ രംഗത്തും എത്ര തുക വീതം ചെലവഴിക്കുകയുണ്ടായി;

(ബി) ഈ മേഖലയുടെ വളർച്ചയ്ക്കും വികാസത്തിനും വേണ്ടി ഈ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ലഭ്യമായ കേന്ദ്ര വിഹിതത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) & (ബി) വിവരം സമാഹരിച്ച് നൽകുന്നതാണ്.

ചെറുകിട വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കാൻ പദ്ധതി

128 [1304] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുപത്തി അയ്യായിരം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങും എന്ന പ്രഖ്യാപനമനുസരിച്ച് എന്തെങ്കിലും പദ്ധതികൾ വ്യവസായ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. ഈ പ്രഖ്യാപനമനുസരിച്ച് 'പ്രത്യാശ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലാ-താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും 2005 ജൂലൈ മാസത്തിൽ രാവിലെ 7

LIBRARY ARCHIVES Kerala Legislative Assembly

മണി മുതൽ വൈകുന്നേരം 7 മണി വരെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, പരിശീലനം നൽകൽ, ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വായ്പ ലഭ്യമാക്കൽ, മാർജിൻ മണിവായ്പ, സബ്സിഡി എന്നിവ സമയ ബന്ധിതമായി ലഭ്യമാക്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2005-06-ൽ 25,000 യൂണിറ്റുകളും 1 ലക്ഷം തൊഴിലവസരങ്ങളുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ടി പദ്ധതിപ്രകാരം ഓരോ ജില്ലയിലും തുടങ്ങാവുന്ന പദ്ധതികളുടെ ഒരു സംക്ഷിപ്ത രൂപം വ്യവസായവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

കിനാലൂരിലുള്ള വ്യവസായ വളർച്ചാകേന്ദ്രത്തിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് നിർദ്ദേശം

129 [1305] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള വ്യവസായ വളർച്ചാ കേന്ദ്രത്തിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ വ്യവസായമാണ് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വളർച്ചാകേന്ദ്രത്തിന്റെ സ്ഥലം പി. ടി. ഉഷാ സ്കൂൾ തുടങ്ങുന്നതിന് നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) & (ബി) കിനാലൂരിലെ വ്യവസായ വളർച്ചാകേന്ദ്രത്തിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഇപ്പോൾ എട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്. വ്യവസ്ഥകളടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly